# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5716 — 27.10.2011-ൽ മറുപടിയ്ക്ക്

# കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ..പി. ജയരാജൻ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് എന്തെല്ലാം ഇളവുകൾ അനുവദിക്കണമെന്നാണ് കേന്ദ്ര ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ടതെന്നു വ്യക്തമാക്കുമോ ; | (എ) വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിനു യോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും ആസൂത്രണ കമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത് ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.<br><br>1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുവടെ സൂചിപ്പിക്കുന്ന നിർമ്മാണ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>a) തീരദേശങ്ങളെ ആസ്പദമാക്കിയുള്ള ജീവനോപാധി, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ.<br>b) ക്ഷീര കൃഷി<br>c) കയർ മേഖലയുടെ ബന്ധപ്പെട്ട പ്രവൃത്തികൾ<br>d) മാനുഷിക വികസനത്തിനുള്ള പുതിയ പ്രവൃത്തികൾ (കുടിവെള്ളം, വൈദ്യുതി, ശുചിത്വം മുതലായവ).<br>e) മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>f) കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>g) വനം മേഖല. |

h) സേവന മേഖലകളിലെ പണികൾ എന്നിത്യാദി 49 പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്.

2. പി.എം.ജി.എസ്.വൈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അനുയോജ്യമായ മാനദണ്ഡം പുതുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. ജവഹർലാൽനെഹ്റു ദേശീയ നഗര വികസന പദ്ധതി(ജെ.എൻ.എൻ.യു.ആർ.എം) നടപ്പിലാക്കുമ്പോൾ അനുമതി ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്. പദ്ധതി നിർദ്ദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിന് അനുവാദം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻ.ആർ.എച്ച്.എം) പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ വയോജനങ്ങളുടെ ആരോഗ്യം അവരുടെ പരിപാലനം എന്നിവ കൂടി ഉൾപ്പെടുത്തണം.

5. സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതി കേരളത്തിൽ നടപ്പാക്കുമ്പോൾ എയ്ഡഡ് സ്കൂളുകളെ ഇതിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

6. ഇന്ദിര (ഐ.എ.വൈ) ഭവന പദ്ധതി കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കുകയുണ്ടായോയെന്നു വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളോടാണ് ആസൂത്രണ കമ്മീഷൻ എതിർപ്പ് പ്രകടിപ്പിച്ചതെന്നു വ്യക്തമാക്കുമോ ?

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗം ശ്രീ. ബി. കെ. ചതുർവേദിയുടെ നേതൃത്വത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുന: സംഘടനയ്ക്ക് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി കേന്ദ്രാവിഷ്കൃത പദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എത്രയും വേഗം നടപ്പിലാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ